പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

**05.02.2020** -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 1014

## പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഷാഫി പറമ്പിൽ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തോട്ടം മേഖലയുടെയും, തൊഴിലാളികളുടെയും ഉന്നമനത്തിനായി പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) പ്രസ്തുത ഡയറക്ടറേറ്റ് രൂപീകരണം കൊണ്ട് തോട്ടം മേഖലയ്ക്ക് ഉണ്ടാകുന്ന പ്രയോജനങ്ങൾ വ്യക്തമാക്കുമോ; | ബി) നൂതന സാങ്കേതിക വിദ്യകളിലൂടെയും പരിസ്ഥിതി സംരക്ഷണം ഉറപ്പ് വരുത്തിക്കൊണ്ടും പ്ലാന്റേഷൻ മേഖലയുടെ ഉത്പാദനക്ഷമതയും ലാഭവും വ്യാപ്തിയും വർദ്ധിപ്പിച്ചാൽ മാത്രമെ പ്ലാന്റേഷൻ മേഖലയ്ക്കും പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്കും നിലനിൽപ്പ് സാദ്ധ്യമാവുകയുള്ളൂ. ഈ കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ വകുപ്പിന് കീഴിൽ പ്ലാന്റേഷൻ മേഖലയുടെ പരിപാലനത്തിനായി പ്രത്യേകം പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നത്. റവന്യൂ, വനം, തൊഴിൽ, വ്യവസായം, തദ്ദേശസ്വയംഭരണം, ധനകാര്യം, നികുതി, വൈദ്യുതി, കൃഷി എന്നീ വകുപ്പുകളുമായുള്ള നിരന്തരമായ ആശയവിനിമയത്തിലൂടെ തോട്ടം മേഖലയുടെ ദൈനംദിന പ്രവർത്തനങ്ങളും ഭാവി പരിപാടികളും ആസൂത്രണം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണം വഴി സാധിക്കും. പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതോടു കൂടി ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കാര്യക്ഷമമായി ഇടപെടാൻ സാധിക്കുന്നതാണ്. |
| സി) ഡയറക്ടറേറ്റ് രൂപീകരണം എന്നത്തേക്ക് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | സി) ഈ സാമ്പത്തിക വർഷം തന്നെ രൂപീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

Anish

**സെക്ഷൻ ഓഫീസർ**